പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 954 30/06/2011 ൽ മറുപടിയ്ക്ക്

## ഇ-ഗ്രാന്റ്സ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ. എ.പി.അനിൽകുമാർ<br>( പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഇ-ഗ്രാന്റ്സ് പദ്ധതിയുടെ പ്രയോജനം നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) ഇ-ഗ്രാന്റ്സ് പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ലഭിക്കുന്നുണ്ട്. |
| (ബി) ഈ പദ്ധതി സ്വാശ്രയ സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകൾക്കും പഠിക്കുന്ന കുട്ടികൾക്ക് കൂടി ബാധകമാക്കിയിട്ടുണ്ടോ; | (ബി) സംസ്ഥാന സർക്കാരുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതും എൻട്രൻസ് കമ്മീഷണറുടെ ശുപാർശ പ്രകാരം പ്രവേശനം നേടുന്നവർക്കും സർക്കാർ/യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്നതുമായ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ – ഗ്രാന്റ്സ് പ്രകാരം വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്. |
| (സി) ഈ പദ്ധതി വിപുലീകരിക്കുവാനും ഇതിന്റെ ആനുകൂല്യം കൂടുതൽ പട്ടികജാതി കുട്ടികൾക്കു ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) ഇ-ഗ്രാന്റ്സ് പദ്ധതിയുടെ പ്രയോജനം നിലവിൽ സംസ്ഥാനത്തെ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ലഭിക്കുന്നുണ്ട്. ടി പദ്ധതി കൂടുതൽ ലളിതവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി 2011-12 അധ്യയനവർഷം മുതൽ ടി പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ സംസ്ഥാനത്തെ അക്ഷയ സെന്ററുകൾ മുഖേന ഓൺലൈൻ ആയി ഡാറ്റാ എൻട്രി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഡി) കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച ഇ-മെഡ് ഇ-ഹൗസിംഗ് പദ്ധതികളുടെ പുരോഗതി കൂടി വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനനിർമ്മാണ ധനസഹായ പദ്ധതിയായ ഇ-ഹൗസിംഗ് 2011-12 വർഷം മുതൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. അതിനായി 2007-08 മുതൽ 2010-11 വർഷം വരെയുള്ള കാലയളവിൽ ഗുണഭോക്താക്കളായവരുടെ വിശദവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 779 ഗുണഭോക്താക്കൾക്ക് വിവിധ പോസ്റ്റാഫീസുകൾ മുഖേന 2.27 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

ചികിത്സാ ധനസഹായ പദ്ധതിയായ ഇ-മെഡ് 2011-12 വർഷം മുതൽ ആരംഭിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ